# പരിസ്ഥിതി ദിനാചരണം നടത്തി

റാന്നി : മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ നിലയ്ക്കൽ ഭദ്രാസന വിദ്യാർത്ഥി പ്രസ്ഥാനവും യുവജനപ്രസ്ഥാനവും സംയുക്തമായി നടത്തിയ പരിസ്ഥിതിദിനാചരണം അയിരൂർ മാർ ബഹനാൻ പഴയപള്ളിയിൽ അഭിവന്ദ്യ ഡോ.ജോഷ്വാ മാർ നിക്കോദീമോസ് മെത്രാപ്പോലീത്ത വൃക്ഷത്തൈ നട്ടുകൊണ്ട് ഉദ്ഘാടനം ചെയ്തു. തുടർന്ന് അയിരൂർ വെള്ളയിൽ മാർ ഗ്രീഗോറിയോസ് മിഷൻ സെന്ററിൽ വച്ച് പരിസ്ഥിതി സംരക്ഷണ പ്രതിജ്ഞ ചൊല്ലുകയും പരിസ്ഥിതി ശുചീകരണം നടത്തുകയും ചെയ്തു. വന്ദ്യ ലാസറസ് റമ്പാൻ കോർ-എപ്പിസ്കോപ്പ, വെരി.റവ.കെ.റ്റി.മാത്യൂസ് റമ്പാൻ, റവ.ഫാ.യൂഹാനോൻ ജോൺ, റവ.ഫാ.അജി തോമസ് ഫിലിപ്പ്, പ്രൊഫ.പി.എ.ഉമ്മൻ, ഡോ.റോബിൻ പി.മാത്യു, ശ്രീ.അനു വർഗീസ്, കുമാരി മിന്റ മറിയം വർഗീസ് എന്നിവർ പ്രസംഗിച്ചു.